

FRIDAY SERMON / വെള്ളിയാഴ്ച ഖുത്തുബ

HAZRAT KHALIFATHULLAH MUNIR AHMAD AZIM (A)

24 JULY 2020

02 DHUL-HIJJAH 1441 AH

# Duahs (Invocations) (Pt. 3)

## ദുആകൾ (ഭാഗം – 3)

സലാമിനു ശേഷം ഹസ്രത് ഖലീഫത്തുല്ലാഹ് തശഹ്ഹുദ്, തഅവ്വുദ്, സൂറ:അൽഫാതിഹ ഓതിയ ശേഷം **ദുആകൾ (ഭാഗം –3)** എന്ന വിഷയത്തെ ആസ്പദമാക്കി വെള്ളിയാഴ്ച ഖുത്തുബ ആരംഭിക്കുകയുണ്ടായി.

അൽഹംദുലില്ലാഹ്! സുമ്മ അൽഹംദുലില്ലാഹ്! **ദുആകൾ** എന്ന വിഷയത്തിൽ ഖുത്തുബ നിർവ്വഹണം തുടരുവാനുള്ള തൗഫീക്ക് അല്ലാഹു(ത) എനിക്ക് നല്കിയിരിക്കുന്നു.

പരമകാരുണികനും, കരുണാമയനുമായ അല്ലാഹുവിന്റെ നാമത്തിൽ ഞാൻ ആരംഭിക്കുന്നു.

❄ എന്റെ മുറിവുകൾക്ക് ദിവ്യ ഔഷധമായിട്ടുള്ള അല്ലാഹുവേ, നീ എന്റെ ഹൃദയവേദനയ്ക്ക് താങ്ങാകണേ!

❄ നീയില്ലാതെ എന്റെ ജീവനും, ജീവിതവും നിരർത്ഥകമാണ് എന്റെ അല്ലാഹ്!!! അങ്ങനെയൊരു ജീവിതം നയിക്കേണ്ടിവരുകിൽ മരണം പുൽകലാണ് അതിലും ഭേദമെന്റെ തമ്പുരാനേ!

❄ നീയെന്റെ ചുമലുകളിലേല്പിച്ച ഭാരിച്ച ഉത്തരവാദിത്തവും, ചുമതലകളും നിന്റെ പ്രീതി കരസ്ഥമാക്കും വിധം ഭംഗിയായി പൂർത്തിയാക്കുവാനുള്ള കരുത്തും, ആത്മവിശ്വാസം നീയെനിക്കു പകരണേ അല്ലാഹ്!!!

❄ ഭൂമിയിലെ എന്റെ കർമ്മങ്ങളിലും, എന്നിലും നീ തൃപ്തനാണെങ്കിൽ, നാഥാ! ലോകരെന്നെ എന്തു വിളിക്കിലും

അതൊന്നുമെന്നെ ബാധിക്കില്ല. അവരെന്നെ, ഭ്രാന്തനെന്നോ, കള്ളനെന്നോ വിളിയ്ക്കുകയും ആക്ഷേപശരങ്ങളാൽ മൂടുകയും, പരിഹസിക്കുകയും, ആത്മാഭിമാനത്തെ തച്ചുടക്കുവാൻ ശ്രമിക്കുകയും ഒക്കെ ചെയ്തു കൊള്ളട്ടെ. താൻ ഇച്ഛിക്കുന്നവർക്ക് അന്തസ്സും, അഭിമാനവും, ഔന്നത്യവും നല്കുന്നവൻ നീ മാത്രമാണല്ലോ! എന്റെ ജീവിതവും, ജീവനും, അന്തസ്സും അഭിമാനവുമെല്ലാം തന്നെ നിന്നിൽ നിന്നും മാത്രം ലഭിക്കുന്നതാണ്. അല്ലാതെ ഈ വിഡ്ഢികളിൽ നിന്നുമല്ലല്ലോ.

❄ സഹീഹിൽ ഇസ്ലാം ആകുന്ന ആലയിലേക്ക് ആയിരക്കണക്കിന് വിശ്വാസികളെ ആനയിക്കുന്നതിനായി നീ നിന്നിൽ നിന്നുള്ള ചൈതന്യത്തിന്റെ ജ്വാല എന്നിൽ പൂർവ്വാധികം കരുത്തോടെ ജ്വലിപ്പിക്കേണമേ! എന്റെ അല്ലാഹുവേ! (ഇൻശാ അല്ലാഹ്)

❄ എന്റെ നാഥാ! ഞാനെന്റെ സർവ്വസ്വവും നിനക്കായി പരിത്യജിച്ചിരിക്കുന്നു തമ്പുരാനേ! നിന്റെ മതത്തെപ്പറ്റി ഒന്നുമറിയാത്ത വെറുമൊരു നിരക്ഷരനാണ് ഞാൻ. എന്റെ അജ്ഞത ഇക്കാര്യത്തിൽ എത്രയെന്നു വെച്ചാൽ ഞാൻ വെറുമൊരു പൂജ്യമാണ് നാഥാ!

❄ നിന്നിൽ നിന്നുള്ള ജ്ഞാനം എനിക്കു പകർന്നു നല്കിയാലും, എന്റെ ഹൃദയാന്തരാളങ്ങളിൽ, അറിവിന്റെ (ബോധനത്തിന്റെ) കനലുകളെ ജ്വലിപ്പിക്കുകയും, അതുമുഖേന, ലോകജനതയ്ക്ക് പൊതുവിലും, ഇസ്ലാമിക വിശ്വാസം പിന്തുടരുന്ന സഹോദരങ്ങൾക്ക് പ്രത്യേകിച്ചും ഈ ജ്ഞാനത്തെ പകർന്നു നല്കുവാനുള്ള ആത്മബലവും, ആർജ്ജവവും, ഊർജ്ജവും എനിക്ക് നല്കുകയും ചെയ്യേണമേ തമ്പുരാനേ!

❄ അല്ലാഹുവേ! യാതൊരു സംശയത്തിനിടയില്ലാത്തതും, സന്മാർഗ്ഗം പ്രാപിയ്ക്കുവാൻ ആഗ്രഹിക്കുന്നവർക്ക് മാർഗ്ഗദർശനവുമായ നിന്റെ ഗ്രന്ഥത്തിലേക്ക്, നിന്റെ ഖുർആനിലേക്ക് ജനങ്ങളെ വലിച്ചടുപ്പിച്ചു തരണേ! നിന്റെ പ്രിയ പ്രവാചകൻ (സ) യിലൂടെ നീ അവതരിപ്പിച്ച നിന്റെ പുണ്യഗ്രന്ഥത്തെ മനസ്സിലാക്കുവാനായി, അവരുടെ കണ്ണുകളെ ആവരണം ചെയ്തിരിക്കുന്ന മറയെ നീ നീക്കം ചെയ്യേണമേ!

❄ അല്ലാഹ്! ഇസ്ലാമികാരാമം വറ്റിവരുണ്ടുപോയിരിക്കുന്നു. പടച്ചവനേ! നിന്റെ മസീഹ് മൗഊദിനാൽ(അ) കഴിഞ്ഞ നൂറ്റാണ്ടിൽ വിളവെടുത്ത ഫലവർഗ്ഗങ്ങളെല്ലാം തന്നെ ഈ നൂറ്റാണ്ടിൽ വീണുടഞ്ഞിരിക്കുന്നു. നിന്റെ അനുഗ്രഹത്താൽ, ഈ ആരാമത്തെ ശുദ്ധിയാക്കി, ജീവൻ പകർന്ന്, രുചികരങ്ങളായ ഫലവർഗ്ഗങ്ങൾ വിളവെടുക്കുവാനും, ലോകരുടെ ഹൃദയങ്ങൾക്ക് ഇമ്പം പകരും വിധം പച്ചപ്പു നിറയ്ക്കുവാനുമാണല്ലോ തമ്പുരാനേ നീയെന്നെ നിയോഗിച്ചിരിക്കുന്നത്.

❄ ഓ അല്ലാഹ്! സർവ്വരാജ്യങ്ങളേയും ദുഷ്ടതകളിൽ നിന്നും, വിപത്തുകളിൽ നിന്നും രക്ഷിക്കുവാനുള്ള ദിവ്യഔഷധം എനിക്ക്, പകർന്നു നല്കിയാലും.

❄ അല്ലാഹ്! ജനങ്ങളുടെ ദുഷ്ടതകളാൽ ഇസ്ലാം ദയനീയമായ അവസ്ഥയിലെത്തിയതും, അത് ശോഷിച്ചുപോയതും അവിടുന്ന് കാണുന്നില്ലേ?

❄ നാഥാ! നിന്റെ മതത്തിന്റെ പ്രശോഭിതമായ മുഖം എന്നുമിങ്ങനെ മറയ്ക്കപ്പെട്ടുതന്നെ കിടക്കുമോ തമ്പുരാനേ? നീ അതിനെ പരിപൂർണ്ണമാക്കിയതാണല്ലോ.

❄ ഈ വിനീതദാസനും, ചെകുത്താനും തമ്മിലുള്ള ആത്മീയ പോരാട്ടത്തിന്റേതാണ് ഈ നൂറ്റാണ്ട് അല്ലാഹുവേ!

❄ അല്ലാഹ്! ഈ യുദ്ധക്കളത്തെ ഓർത്ത് എന്റെ ഹൃദയം തുടിക്കുന്നു. മുൻകടന്നുപോയ പ്രവാചകൻ എല്ലാവരുംതന്നെ ഈ പോരാട്ടം സംബന്ധിച്ച് അറിവുകൾ പകരുകയും, അതിലെ വിജയത്തിനായി പ്രാർത്ഥിക്കുകയും ചെയ്തിരുന്നല്ലോ.

❄ അല്ലാഹുവേ! നിന്റെ അപാരമായ അനുഗ്രഹം എന്റെ മേൽ ചൊരിഞ്ഞ് നീ ഈ ശത്രുവിനു (ചെകുത്താന്) മേൽ എനിക്ക് വിജയം നല്കേണമേ! അവൻ പൂർവ്വാധികം ശക്തിയോടെ തന്റെ പടക്കോപ്പുകൾ കൂട്ടിക്കൊണ്ടിരിക്കുകയാണ് നാഥാ!

❄ ഓ! അല്ലാഹ്, നിന്റെ ഖലീഫയിൽ, ഖലീഫത്തുല്ലായിൽ വിശ്വാസമർപ്പിച്ച് സഹീഹുൽ ഇസ്ലാം നൗകയിൽ കടന്ന ഞങ്ങൾ എല്ലാവരും നിന്നിൽ പൂർണ്ണമായി വിശ്വസിച്ച് നിന്റെ തിരുസന്നിധിയിൽ ഹാജരായിരിക്കുകയാണ് ഇഹ

ലോകത്തും, ശേഷം പാരത്രികലോകത്തും ഞങ്ങൾ നേരിടേണ്ട ബദ്ധപ്പാടുകളിൽ നിന്നും, കഷ്ടതകളിൽ നിന്നും ഞങ്ങളെ രക്ഷിച്ചാലും! പാരത്രിക ഭവനത്തിലെ വിപത്തുകളിൽ നിന്നും ഞങ്ങളെ രക്ഷിക്കുകയും നിന്നിൽ നിന്നുള്ള ശാശ്വതശാന്തിയും, അനന്തമായ കാരുണ്യവും നല്കി അനുഗ്രഹിക്കുകയും ചെയ്താലും!

❄ നിന്നെ തിരിച്ചറിഞ്ഞതിൽ ഞങ്ങളുടെ ഹൃദയങ്ങൾ സന്തോഷപുളകിതമായിരിക്കുന്നു. അതിനാൽ തന്നെ നിന്റെ അനുഗ്രഹത്താൽ ഞങ്ങൾ മറ്റൊന്നിനെയും, മറ്റാരെയും ആശ്രയമായി സ്വീകരിക്കുകയുമില്ല. സഹീഹുൽ ഇസ്ലാമിനെ ഞങ്ങൾക്കു ലഭിച്ച അനുഗ്രഹമാക്കി മാറ്റേണമേ! ഞങ്ങളെ കാത്തിരിക്കുന്ന പ്രലോഭനങ്ങളിൽ നിന്നും, മോശമായ കാര്യങ്ങളിൽ നിന്നും അകന്നു നില്ക്കുന്ന ഒന്നാണല്ലോ അത്. എല്ലാ കണ്ണുകളും ഞങ്ങളിലേക്കാണ് തമ്പുരാനേ!

❄ എന്റെ സർവ്വസ്വവുമായ അല്ലാഹ്! ഞങ്ങളെ ശാശ്വത ശാന്തി നിറഞ്ഞ പാരത്രിക ജീവിതത്തിൽ നിന്നും അകറ്റിക്കളയരുതേ. പാരത്രിക ലോകത്ത് മഹത്തായ പ്രതിഫലം ലഭിക്കുമാറ് കരുത്തുറ്റ ത്യാഗങ്ങൾ ചെയ്യുവാൻ ഇഹലോകത്ത് അവസരങ്ങൾ നല്കേണമേ! നിനക്കായി ദുഃഖങ്ങൾ പേറുന്നതിൽപരം ആനന്ദം നല്കുന്ന മറ്റെന്താണ് ഇവിടെയെനിക്ക് കിട്ടുവാനുള്ളത്? അല്ലാഹ് ! സഹീഹുൽ ഇസ്ലാം ശാന്തിയും സമാധാനവും വിതറുന്ന അനുഗ്രഹത്തിന്റെ ഉറവിടവും, ഞങ്ങൾ, നിന്നിലേക്ക് മറ്റുള്ളവരെ നയിച്ചുകൊണ്ടു വരുന്ന ദായീ ഇലല്ലാഹ് (Dai - Ilallah)മാരാക്കി മാറ്റേണമെ നാഥാ!

❄ എന്റെ നാഥാ! ഈ നൂറ്റാണ്ടിൽ സഹീഹുൽ ഇസ്ലാമിൽ പ്രവേശിക്കുന്ന ഏവരും എന്റെ ആത്മീയ കുഞ്ഞുങ്ങളാണ്. അവരെ സംരക്ഷിക്കുകയും, അവരുടെ ആത്മീയ ജ്ഞാനവും, ധനവും വർദ്ധിപ്പിച്ചുക്കൊടുക്കുകയും ചെയ്യേണമേ. അതുവഴി അവർക്ക് നിന്റെ മാർഗ്ഗത്തിൽ അധികമധികം ചെലവഴിക്കുവാനായി. നിന്റെ അനുഗ്രഹവും, നിന്നിൽ നിന്നുള്ള കാരുണ്യവും അവരിൽ മഴ പോലെ വർഷിക്കുമാറാകേണമേ! നിന്റെ പ്രതാപത്താലും, പ്രഭാവത്താലും അവരുടെ ധനം വർദ്ധിപ്പിച്ചുകൊടുക്കു

കയും, അവരെ സദാ നേർമാർഗ്ഗത്തിൽ ചരിപ്പിക്കുകയും ചെയ്യുമാറാകേണമേ! തങ്ങളുടെ ജോലികളിൽ സത്യസന്ധത പുലർത്തുന്നവർ ആക്കേണമേ! മറ്റുള്ളവരോട് (തങ്ങളുടെ ശത്രുക്കളോടുപോലും) അസൂയയോ, ശത്രുതയോ പുലർത്തുന്നവരാക്കി മാറ്ററുതേ!

❄ അല്ലാഹ്! അവർ സദാ ഒരുമയോടെയും, സമാധാനത്തിലും വർത്തിക്കുന്നവരാക്കി തീർക്കേണമേ! അവരുടെ ജീവിതത്തിൽ അസ്വാരസ്യങ്ങളോ പരസ്പര കലഹങ്ങളോ ഉണ്ടാകരുതേ!

❄ അല്ലാഹ്! ഇതെന്നെ എങ്ങനെ ബാധിയ്ക്കുമെന്ന് നന്നായി അറിയുന്നവൻ നീയാണ് നാഥാ! അതെന്നെ അങ്ങേയറ്റം വേദനിപ്പിക്കുമ്പോൾ, നീ ഈ നേരത്ത് നിന്റെ തെരഞ്ഞെടുത്ത ദാസനെ കടാക്ഷിക്കുന്നതുപോലെയാവില്ല, എന്ന് ഞാനറിയുന്നു അല്ലാഹ്! നീ ആ നേരം നിന്റെ കോപം അവരിലേക്ക് ആഴ്ത്തും തമ്പുരാനെ! അതിനിടയാക്കരുതേ!

❄ അല്ലാഹ്! അവരെന്റെ ആത്മീയ കുഞ്ഞുങ്ങളാണ്, അവരെയോർത്ത്, ഞാനെത്ര വേദനിക്കുന്നു എന്ന് നീ നന്നായി അറിയുന്ന നാഥാ! വേദനകളാലും, വിഷമതകളാലും, ദുരിതങ്ങളാലും, രോഗങ്ങളാലും, കുടുംബങ്ങളിലുള്ള അശാന്തികളാലും ഒക്കെ വലയുന്നവർ അവരിലുണ്ട്. തർക്കവിതർക്കങ്ങളിലും നിഷ്ഫലമായ വാദപ്രതിവാദങ്ങളിലും ഏർപ്പെടുന്നവരും, നിർബന്ധ നമസ്ക്കാരങ്ങൾ അനുഷ്ഠിക്കുന്നതിലും വിശുദ്ധഖുർആൻ പാരായണം ചെയ്യുന്നതിലും ഒരു താത്പര്യവും കാട്ടാത്തവരും നിന്റെ മാർഗ്ഗത്തിൽ സാമ്പത്തിക ത്യാഗം ചെയ്യാത്തവരും ഒക്കെ അക്കൂട്ടത്തിലുണ്ട്. അതുപോലെ പർദ്ദ ആചരിക്കുന്നതിൽ വിമുഖരായ സ്ത്രീകളും, പെൺകുഞ്ഞുങ്ങളും ഉണ്ട്. അവരെയോർത്ത് ഞാൻ ഖിന്നനാണ് നാഥാ! അവർ യാതൊരു സങ്കോചവും കാട്ടാതെ എതിർലിംഗത്തിൽപ്പെട്ടവരുമായി കൂട്ടുകാരോടെന്നവണ്ണം സല്ലാപത്തിലേർപ്പെട്ടിരിക്കുന്നു.

❄ അല്ലാഹ്! നീയാണ് സാക്ഷ്യം വഹിക്കുന്നവൻ. നിന്നെ ഞാനെന്റെ സാക്ഷിയാക്കുകയാണ്. നിയെത്ര തവണ എനിക്ക് ദർശനങ്ങളിലൂടെയും, വെളിപാടുകളിലൂടെയും, സ്വപ്നങ്ങളിലൂടെയും അവരിൽ പലരുടെയും മോശം

സ്വഭാവങ്ങളെ വെളിവാക്കിത്തന്നിരിക്കുന്നു നാഥാ! അപ്പോഴൊക്കെയും മറ്റാരും അറിയാതെയും, ആരോടും പറയാതെയും ഞാൻ അവർക്കായി നിന്നോട് മാപ്പപേക്ഷിക്കുമായിരുന്നല്ലോ! വാട്ട്സ്സാപ്പു പോലെയുള്ള മാധ്യമങ്ങളിലൂടെയുള്ള ആ ആൺകുട്ടികളുടേയും, പെൺകുട്ടികളുടേയും മോശമായ സന്ദേശ വിനിമയങ്ങൾ നീ കാട്ടിത്തന്നല്ലോ എനിക്ക്. ഇവയൊക്കെ എന്നെ എത്രയധികം വേദനിപ്പിക്കുന്നു എന്നും എന്റെ ആരോഗ്യത്തെ എത്ര പ്രതികൂലമായാണ് ബാധിക്കുന്നത് എന്നും നിനക്കറിയുമല്ലോ പടച്ചവനേ! അവർക്ക് ഭാവിയിലുണ്ടാകുന്ന പരിണിതഫലങ്ങളെക്കുറിച്ചോർത്ത് എനിക്ക് ഭയമാകുന്നു നാഥാ! രാപകലോളം, ശത്രുക്കളുടെ അവഹേളനങ്ങൾക്കും പരിഹാസങ്ങൾക്കും എന്നെ പാത്രമാക്കുന്നതാണ്, ഇങ്ങനെ മൊബെൽ ഫോണുകളിലൂടെ വാട്സ്സാപ്പുകളിലും മറ്റും ആയി ഇവർ നടത്തുന്ന കൂത്തുകൾ, എനിക്ക് കാട്ടിത്തരുന്നതിലും ഭേദം അല്ലാഹ്!

- ❄ ഓ! അല്ലാഹ്! അവർക്കായി ഓരോ ദിവസവും എത്ര തവണയാണ് ഞാൻ നിന്നോട് മാപ്പിരക്കുന്നത്. അതിന് നീ സാക്ഷിയാണല്ലോ!
- ❄ അല്ലാഹ്! ഈ നൗകയിൽ പ്രവേശിച്ചവരെല്ലാവരും തങ്ങൾ ഇതിനു മുമ്പ് ആസ്വദിച്ചിട്ടില്ലാത്ത അത്ര ഹൃദ്യമായ സുഗന്ധ പരിമളമാണ് ആസ്വദിച്ചുകൊണ്ടിരിക്കുന്നത്. അതിനാൽ തന്നെ ഉള്ളിൽ ദുർഗന്ധവും (ദുഷ്ചിന്തകളും) പേറി വരുന്നവരെ നീ ഇതിനുള്ളിൽ പ്രവേശിപ്പിക്കരുതേ! അവർ ഈ സ്വർഗ്ഗീയ സുഗന്ധത്തെ പരിമളത്തെ വിമലമാക്കിക്കളയുന്നതാണ്!
- ❄ അല്ലാഹ്! അക്കൂട്ടരിൽപ്പെട്ട ആരെങ്കിലും ഞങ്ങളുടെ കൂട്ടത്തിൽ വന്നിട്ടുണ്ടെങ്കിൽ നീ അവരെ ഇതിൽ നിന്നും ഒഴിവാക്കേണമേ! എണ്ണമല്ല തമ്പുരാനേ നമുക്കു വേണ്ടത്. മറിച്ച് ഗുണമാണ്. ഭക്തദാസരായ, തഖ്‌വയുള്ള, പരസ്പരം ബഹുമാനിക്കുന്ന, നിന്റെ തെരഞ്ഞെടുക്കപ്പെട്ട ദാസനായ ഈ വീനിതനോട് പരിപൂർണ്ണ അനുസരണം പുലർത്തുന്നവരെയാണ് വേണ്ടത് നാഥാ!
- ❄ ഓ! അല്ലാഹ്! നീ ഏവരുടെയും ഹൃദയങ്ങളെ അറിയുന്നവനാണ്. അവരുടെ ഉദ്ദേശ്യങ്ങളും നീ അറിയുന്നുണ്ട്.

ധനം, വിദ്യാഭ്യാസം, സൗന്ദര്യം, കുടുംബമഹിമ ഇവയുടെയൊക്കെ പേരിൽ അഹന്തഭാവിക്കുന്നവരായി അവരെ മാറ്റരുതേ!

❄ ഓ! അല്ലാഹ്! നീ ഏവരെയും വിനയാന്വിതരാക്കേണമേ! നീ ഞങ്ങൾക്ക് ഭൂമിയിൽ അതിന് ഉദാഹരണം കാട്ടിത്തന്നിരിക്കുന്നുവല്ലോ! കായ്ഫലങ്ങൾ തിങ്ങി നില്ക്കുന്ന മരം തന്റെ ചില്ലുകൾ താഴ്ത്തിയും, കായ്ഫലമില്ലാത്ത മരം തല നിവർത്തി നെടുങ്ങനെയും ഭൂമിയിൽ കാണുന്നുണ്ട് നാഥാ!

❄ അല്ലാഹ്! നീ നിന്റെ ഓരോ സൃഷ്ടിയിലും മനുഷ്യന് ഒരു പാഠമൊരുക്കി വച്ചിരിക്കുന്നു.

❄ അല്ലാഹുവേ! എന്നെ സഹായിക്കുകയും, എനിക്ക് എല്ലാം കാട്ടിത്തരികയും ചെയ്യുന്നവനേ! ഞാനെന്റെ ആത്മീയ കുഞ്ഞുങ്ങൾക്കായി നിന്നോട് യാചിക്കുന്നു. അവരെ നല്ലവരാക്കേണമേ! അവരെ നല്ല പെരുമാറ്റത്തിനുടമകളാക്കേണമേ! അവരുടെ വാക്കുകളെ നല്ലതാക്കേണമേ! സ്ത്രീകളും, പെൺകുട്ടികളും നന്നായി പെരുമാറുന്നവരും, അട്ടഹസിച്ച് ചിരിക്കാത്തവരും, സൗമ്യമായി സംസാരിക്കുന്നവരും ആയി തീരേണമേ! വിശുദ്ധഖുർആനിലൂടെയും തിരുനബി(സ)യുടെ അധ്യാപനങ്ങളിലൂടെയും നീ ഞങ്ങൾക്ക് ജ്ഞാനം ഉയർത്തിയിരിക്കുന്നു. ഭാര്യാ-ഭർത്താക്കന്മാർ പരസ്പരം ഇണക്കത്തോടെ ജീവിക്കുന്നവർ ആയിരിക്കേണമേ! അതുമുഖേന, കുടുംബങ്ങളിൽ അർത്ഥമില്ലാത്ത വാദപ്രതിവാദങ്ങൾ അത് ചെറിയ നിസ്സാരമായ കാര്യങ്ങളിലായാലും ശരി, ഗൗരവമേറിയ വിഷയങ്ങളിലായാലും ശരി, ഉണ്ടാകാതിരിക്കുന്നതിനായി, ഭാര്യാഭർത്താക്കന്മാരെ പരസ്പരം പൊറുത്തുകൊടുക്കുന്നവർ ആക്കേണമേ! അഥവാ, കുടുംബങ്ങളിൽ ചില പ്രശ്നങ്ങൾ ഉണ്ടെങ്കിൽ തന്നെ വിവാഹമോചനം തേടുന്നതിൽ നിന്ന് മാറ്റിനിർത്തേണമേ! കുറ്റം ഭർത്താവിന്റേതാണെങ്കിൽ കൂടി, അത് എല്ലാവരും അറിയുംവിധം പാടി നടക്കുന്നതിൽ നിന്നും ഭാര്യമാരെ തടയേണമേ.

❄ എന്റെ നാഥാ! ഈ നൗകയിൽ പ്രവേശിച്ച, നിന്റെ ഭക്തദാസരായ എല്ലാവരെയും എന്റെ ഏറ്റവും നല്ല ആത്മീയ കുഞ്ഞുങ്ങൾ ആക്കേണമേ.

❄ അല്ലാഹ്! നീ എനിക്ക് പല തവണ വെളിപ്പെടുത്തിത്തന്ന താണ്. ഞാൻ അവരിൽ തൃപ്തനാണെങ്കിൽ നീ അവരിൽ തൃപ്തനായിരിക്കുന്നതും, മലക്കുകളോട് അവരെ സ്നേഹിക്കുവാൻ പറയുന്നതും ആണ് എന്ന്. അങ്ങനെ ആയാൽ അവർക്ക് തങ്ങൾ ഇതുവരെ കാണുകയോ അനു ഭവിക്കുകയോ, സാക്ഷികളാവുകയോ ചെയ്തിട്ടില്ലാത്ത തരത്തിലുള്ള ദൈവീക ദൃഷ്ടാന്തങ്ങൾക്ക് സാക്ഷ്യം വഹി ക്കുവാൻ സാധിക്കുന്നതാണ്.

❄ അല്ലാഹ്! ഞാൻ നിന്റെ മുന്നിൽ സമർപ്പിച്ച ദുആകൾ സ്വീകരിക്കേണമേ! അവർ ഓരോരുത്തർക്കും നല്ല ആരോ ഗ്യവും, ദീർഘായുസ്സും നല്കി നിന്റെ ദീനിനെ സേവി ക്കുവാനും, സത്യാന്വേഷികളായ മറ്റനേകം പേരെ ഈ നൗകയിലേക്ക് നയിക്കുവാനും പര്യാപ്തരാക്കി മാറ്റേ ണമേ.

❄ അല്ലാഹ്! അവരെ നീ സദ്‌വൃത്തരാക്കേണമേ. മറ്റുള്ളവരെ സഹായിക്കത്തക്കവിധം അവരെ നീ നല്ലവരാക്കേണമേ! നീയാണ് ഞങ്ങളുടെ യജമാനൻ. നീയല്ലാതെ ആരാധന യ്ക്കർഹനായ മറ്റാരുമില്ല തമ്പുരാനേ!

❄ അല്ലാഹ്! ആരാധനയ്ക്കർഹനായി നീയല്ലാതെ മറ്റാരുമി ല്ല. ഷെയ്ത്താനിൽ നിന്നും നീ അവരെ അകറ്റി നിർത്തേ ണമേ! അവനെ നിന്റെ അഭയത്തിൻ കീഴിലാക്കേണമേ! നിന്റെ പ്രകാശത്താലും, സന്തോഷത്താലും അവരെ നീ നിറയ്ക്കുകയും നിന്റെ അനന്തമായ കാരുണ്യത്തെ അവ രിലേക്ക് ചൊരിയുകയും ചെയ്യേണമേ!

❄ എന്റെ നാഥാ! എന്റെ ദുആകൾ എല്ലാം സ്വീകരിയ്ക്കേ ണമേ! ഞാൻ നിനക്കായി എന്നെത്തന്നെ അർപ്പിക്കുവാൻ സന്നദ്ധനാണ് നാഥാ! ഏറെ പ്രതീക്ഷകളോടെ നിന്നിൽ അഭയം തേടിയിരിക്കുന്ന എന്നെയും എന്റെ ആത്മീയ കുഞ്ഞുങ്ങളെയും സഹായിക്കേണമേ! ഞങ്ങളെ കൈവി ടല്ലേ! സഹീഹുൽ ഇസ്ലാമിനെ ഞങ്ങൾക്കേവർക്കും അനു ഗ്രഹമാക്കി മാറ്റേണമേ! ഞങ്ങളെ ഷെയ്ത്താനിൽ നിന്നും അകറ്റേണമേ! ഞങ്ങളെ കാത്തിരിക്കുന്ന എല്ലാ ദൗർഭാ ഗ്യങ്ങളിൽ നിന്നും വിമുക്തമായ ഒന്നാണ് ഈ ജമാഅ ത്ത്, അത് നിന്റെ മഹത്തായ അനുഗ്രഹം ഒന്നുകൊണ്ട് മാത്രമാണ് നാഥാ!

❄ അല്ലാഹ്! ഈ നൗകയിൽ ജനിച്ച ഞങ്ങളുടെ എല്ലാ കുഞ്ഞുങ്ങൾക്കും നല്ല ആരോഗ്യവും, ദീർഘായുസ്സും നല്കേണമേ, അവരെ എല്ലാവിധ അന്ധകാരങ്ങളിൽ നിന്നും അകറ്റേണമേ! നിന്റെ പ്രകാശത്താൽ അവരെ പ്രകാശിപ്പിക്കേണമേ (ഉദ്ബുദ്ധരാക്കേണമേ) അവരെ എല്ലാവിധ രോഗബാധകളിൽ നിന്നും, കഷ്ടതകളിൽ നിന്നും രക്ഷിക്കേണമേ! ദീനിയായ നല്ല കുഞ്ഞുങ്ങളായി വളരാൻ ഇടയാക്കുകയും ചെയ്യേണമേ. ചെകുത്താന്റെ പ്രലോഭനങ്ങളിൽ നിന്നും അവരെ അകറ്റി നിർത്തേണമേ. അവരെ സെൽഫോണുകൾക്കും, ടെലിവിഷൻ, വാട്ട്സാപ്പ്, യൂട്യൂബ്, പോലെയുള്ള സോഷ്യൽ മീഡിയയുടേയും, ചൂതാട്ടത്തിന്റെയും അടിമകളാക്കരുതേ. അവർ ഖുർആൻ പാരായണം ചെയ്യുന്നവരും, ദിക്റുകൾ ചൊല്ലുന്നവരും, അസ്മാഉൽ ഹുസ്ന അർത്ഥമറിഞ്ഞ് ചൊല്ലുന്നവരും, തങ്ങളുടെ മാതാപിതാക്കളെ ആദരിക്കുന്നവരും ആകേണമേ നാഥാ! ഏഴാം വയസ്സുമുതൽ തന്നെ പ്രാർത്ഥനകളുമായി ബന്ധം സ്ഥാപിക്കുന്നവരാക്കി അവരെ മാറ്റിത്തീർക്കേണമേ! പുകവലിയുടെയും മറ്റു ദൂഷിതവലയത്തിൽ നിന്നും അവരെ അകറ്റിനിർത്തുകയും തടയുകയും ചെയ്യേണമേ!

പ്രപഞ്ചനാഥനായവനേ! എന്റെ അർത്ഥനകൾ കേൾക്കുമാറാകേണമേ! ആമീൻ, സുമ്മ ആമീൻ!

അടുത്ത ആഴ്ചയും ഇതേ വിഷയത്തിൽ ഖുത്തുബ നിർവ്വഹണം തുടരുവാനുള്ള തൗഫീക്ക് നല്കി അല്ലാഹു എന്നെ അനുഗ്രഹിക്കുമാറാകട്ടെ. ഇൻശാഹ് അല്ലാഹ്! ആമീൻ!



*Translated By :*

*Mukarram R. Jamaludin Raother*

*Fauzia Jamal Zain & Fazil Jamal*

*Issued By :*

*Amir - Jamaat Ul Sahih Al Islam*

*South Zone - Kerala, India*

*E-mail : jamal.raother@gmail.com*

*Web : www.jamaat-ul-sahih-al-islam.com*

*Blog : www.sahih-al-islam.blogspot.in*